# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.518 — 11.06.2013-ൽ മറുപടിക്ക്

**ചോദ്യം** — **ഉത്തരം**

**ശ്രീ. ജി. സുധാകരൻ**

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

## 2012-13 ലെ കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശങ്ങൾ

| | | |
|---|---|---|
| (എ) | 2012-13 ലെ കേന്ദ്ര ബഡ്ജറ്റിലെ സംസ്ഥാനത്തെ സംബന്ധിക്കുന്ന നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ കഴിയാതെ പോയവ ഏതൊക്കെയായിരുന്നു; വിശദമാക്കുമോ; | വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, കേരള കാർഷിക സർവ്വകലാശാലയ്ക്ക് പ്രഖ്യാപിച്ചിരുന്ന 100 കോടി രൂപയുടെ സാമ്പത്തിക സഹായം ഒഴികെ കേരളത്തെ സംബന്ധിച്ച് 2012-13 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റ് പ്രസംഗത്തിൽ മറ്റ് പരാമർശങ്ങൾ ഇല്ലായിരുന്നു. സർവകലാശാലയ്ക്ക് പ്രഖ്യാപിച്ചിരുന്ന 100 കോടി രൂപയിൽ ആദ്യഗഡുവായി 49.51 കോടി രൂപ 2012-13 സാമ്പത്തിക വർഷത്തിൽ തന്നെ സർവ്വകലാശാലയ്ക്ക് നേരിട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക സർവകലാശാലയുടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വരുന്നു. പ്രഖ്യാപിച്ചതനുസരിച്ചുള്ള 100 കോടി രൂപയിൽ ബാക്കി തുക ഇതേവരെ ലഭ്യമായിട്ടില്ല. |
| (ബി) | അതിനെ തുടർന്ന് ഏതെല്ലാം ഇനത്തിൽ എത്ര തുക ലാപ്സായിയെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ